(ബി) ഈ റോഡ് നിർമ്മാണം കരാറുകാരെ ഏൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് മതിപ്പ് ചെലവ് കണക്കാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. വിട്ടുകിട്ടാനുള്ള സ്ഥലം ഏറ്റെടുക്കാൻ നടപടികൾ നടന്നുവരുന്നു.

(ബി) കരാറുകാരെ ഏൽപ്പിച്ചിട്ടുണ്ട്. മതിപ്പ് അടങ്കൽ 70,37,000 രൂപയാണ്.

മൈലമൂട് പാലത്തിന്റെ നിർമ്മാണം

106 [419] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ മൈലമൂട് പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തു പാലം നിർമ്മാണം എപ്പോഴാണു ടെണ്ടർ ചെയ്ത് ആരംഭിച്ചതെന്നു വ്യക്തമാക്കുമോ;

(സി) പാലം നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇതുവരെ എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കുമോ;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ തന്നെ പാലം ഗതാഗതത്തിനായി തുറന്നു കൊടുക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടിയെ സംബന്ധിച്ചും പാലം ഉദ്ഘാടന തീയതി സംബന്ധിച്ചും വിശദവിവരം നൽകുമോ?

ഉത്തരം

(എ) 66,14,223 രൂപ.

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി 4-4-2000-ൽ ടെണ്ടർ വിളിച്ച് 27-6-2000-ൽ സെക്ഷൻ നോട്ടീസ് നൽകി പണി ആരംഭിച്ചു.

(സി) പാലം പണി അവസാനഘട്ടത്തിലാണ്. ഇതുവരെ പഴയ കരാറുകാരന് 46,97,404 രൂപ കൊടുത്തിട്ടുണ്ട്. കൂടാതെ 12.44 ലക്ഷം, 13.04 ലക്ഷം രൂപയുടെ രണ്ട് ബില്ലുകൾ കൂടിശ്ശികയിനത്തിൽ നൽകേണ്ടതായിട്ടുണ്ട്.

(ഡി) 23-2-2006-ൽ പാലം ഗതാഗതത്തിനായി തുറന്ന് കൊടുക്കുവാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly